LIBRARY ARCHIVES Kerala Legislative Assembly

എ.പി.എൽ. റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള അധികാരം

232 (7203) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡുകൾ എ.പി.എൽ. വിഭാഗത്തിൽനിന്ന് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അധികാരം റേഷനിംഗ് ഓഫീസർക്ക് നൽകുന്നതിനുള്ള തടസ്സം എന്താണെന്നുവ്യക്തമാക്കുമോ ?

ഉത്തരം

വരുമാന സർട്ടിഫിക്കറ്റിന്റെമാത്രം അടിസ്ഥാനത്തിലല്ല എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നത്. 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തവർക്ക് 27-4-12-ലെ സ.ഉ (കൈ) നമ്പർ 112/2012/തദ്ദേശസ്വയംഭരണ വകുപ്പുപ്രകാരം അന്വേഷണത്തിനുശേഷം അർഹതയുള്ളവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും 5-11-2011-ലെ സ.ഉ(കൈ)നമ്പർ 38/2011/ഭ.സി.സ.വ. പ്രകാരം അർഹതയുള്ളവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്കുമാണ് നൽകിയിട്ടുള്ളത്. ആയതിനാൽ റേഷനിംഗ് ആഫീസർക്ക് ഈ അധികാരം നൽകാൻ നിർവ്വാഹമില്ല.

പുതിയ റേഷൻ കാർഡ് വിതരണം

233 (7204) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോട്ടോ പതിച്ച റേഷൻ കാർഡ് ഏതുവർഷം മുതലാണ് വിതരണം ചെയ്തത് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റേഷൻ കാർഡിൽ ഏതു വർഷംവരെ ഉപയോഗിക്കാൻ ഉള്ള പേജാണ് രേഖപ്പെടുത്തിയിരിക്കുന്നത് ; ഇതനുസരിച്ച് ഈ റേഷൻ കാർഡുകളുടെ കാലാവധി എന്ന് അവസാനിക്കേണ്ടതാണ് എന്നറിയിക്കുമോ ;

(സി) നിലവിലെ റേഷൻകാർഡിൽ പേജുകൾ ഇല്ലാത്തതുമൂലം അഡീഷണൽ പേജ് വയ്ക്കുകയോ ഒഴിഞ്ഞുകിടക്കുന്ന പേജുകളിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം റേഷൻകട ഉടമകൾ റേഷൻ സാധനങ്ങളുടെ വിതരണത്തിൽ തിരിമറി നടത്താനുള്ള അവസരം ഉള്ളതിനാൽ അടിയന്തരമായി പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2009 സെപ്റ്റംബർ മാസം മുതലാണ് ഫോട്ടോ പതിച്ച റേഷൻ കാർഡ് നിലവിൽ വന്നത്.

(ബി) 2012 വർഷം വരെ ഉപയോഗിക്കുന്നതിനുള്ള ഉൾപ്പേജുകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. 2012 വർഷത്തിലാണ് നിലവിലെ റേഷൻകാർഡുകളുടെ കാലാവധി അവസാനിച്ചത്.

(സി) നിലവിലെ റേഷൻ കാർഡ് 2008-2012 കാലഘട്ടത്തിലുള്ളതാണെങ്കിലും 2009 ഒക്ടോബർ മാസം മുതലാണ് നിലവിൽ വന്നത്. ആയതിനാൽ 2013 വർഷത്തെ വിതരണത്തോത് രേഖപ്പെടുത്തുന്നതിന് 2008 വർഷത്തെ പേജ് ഉപയോഗപ്പെടുത്തുന്നതിന് സിവിൽസപ്ലൈസ് ഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതിയ കാർഡുകൾ വിതരണം ചെയ്യേണ്ടിയും വരും. ആയതിനാൽ 2014, 15, 16 വർഷത്തെ അഡീഷണൽ ഉൾപ്പേജുകൾ അച്ചടിക്കുന്നതിനും നിലവിലെ കാർഡുകളിൽ ഉൾക്കൊള്ളിക്കുന്നതിനും സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്സിൽ നിന്നും ഇന്നർഷീറ്റുകൾ അച്ചടിച്ച് ലഭ്യമാക്കി ഇന്നർഷീറ്റുകൾ ചേർത്ത് ഉപയോഗിച്ച് വരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായുള്ള ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, എല്ലാ വിഭാഗക്കാരായ ഗുണഭോക്താക്കൾക്കും പുതിയ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

സ്മാർട്ട് റേഷൻ കാർഡുകൾ

234 (7206) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകൾ ആക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പേപ്പർ റേഷൻ കാർഡിൽ ഉൾപ്പെടുന്ന എല്ലാ വിവരങ്ങളും സ്മാർട്ട് കാർഡിൽ ഉൾപ്പെടുത്തുവാൻ സാധിക്കും. കാർഡ് ഉടമയ്ക്ക് അർഹമായ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു. കൂടുതൽ സുതാര്യമായ സാഹചര്യം വരും. സ്മാർട്ട് കാർഡിന് ഏകേശം എ.റ്റി.എം. കാർഡിന്റെ വലിപ്പം മാത്രമുള്ളതിനാൽ കൈകാര്യം ചെയ്യുന്നതിന് എളുപ്പമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly